38 (479) അംഗീകാരമില്ലാത്ത സ്വകാര്യ വിദ്യാലയങ്ങൾക്ക് ടി.സി. കൊടുക്കുന്നതിന് നൽകിവരുന്ന അനുമതി

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്വകാര്യ വിദ്യാലയങ്ങൾക്ക് പരീക്ഷ നടത്തി ടി.സി. കൊടുക്കുന്നതിന് 1990 മുതൽ നൽകി വന്നിരുന്ന അനുമതി തുടർന്നും നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) സ്വകാര്യ സ്കൂളുകൾക്ക് രജിസ്ട്രേഷൻ നൽകാനും നാല്, ഏഴ്, ക്ലാസ്സുകളിൽ പൊതുപരീക്ഷ നടത്താനും സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) സ്കൂൾ അധികൃതരുടെ നിലവാര പരിശോധനയിലൂടെ എട്ടാം ക്ലാസ്സുവരെ റഗുലർ സ്റ്റഡിക്ക് എല്ലാകുട്ടികളേയും അനുവദിക്കുമോ;

(ഡി) വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് യൂണിയൻ ഓഫ് അൺ റഗുലറൈസ്ഡ് സ്കൂൾസ് സമർപ്പിച്ച നിവേദനത്തിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000 മാർച്ചിലെ പരീക്ഷ മുതൽ ഇത്തരം അനുമതി നൽകുന്നതല്ല എന്ന് പത്രക്കുറിപ്പുകൾവഴി നേരത്തേതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

(ബി&സി) തൽക്കാലം ഉദ്ദേശമില്ല.

(ഡി) ഈ വർഷം മുതൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് പരീക്ഷ നടത്തുന്നതിനോ ടി.സി. വിതരണം ചെയ്യുന്നതിനോ അനുമതി നൽകേണ്ടെന്നു സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അൺറെക്കഗ്നൈസ്ഡ് സ്കൂൾസ് അസോസിയേഷൻ നൽകിയ നിവേദനം ഗവൺമെന്റ് പരിഗണിച്ചിട്ടില്ല.

39 (480) സ്കൂൾ തലത്തിൽ നടത്തുന്ന നൃത്തമത്സരങ്ങൾക്ക് പക്കമേളക്കാരെ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിൽ നടത്തുന്ന നൃത്തമത്സരങ്ങൾക്ക് പക്കമേളക്കാരെ നിരോധിച്ചുകൊണ്ടുള്ള കോടതി വിധിയോ സർക്കാർ ഉത്തരവോ നിലവിലുണ്ടോ;

(ബി) സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളതും നൃത്തത്തിൽ കഴിവുള്ളതുമായ കുട്ടികൾക്കും അത്തരം വേദികളിൽ പങ്കെടുക്കുന്നതിനും, മത്സരം ആർഭാടത്തിന്റെയും പണക്കൊഴുപ്പിന്റെയും മത്സരമായി മാറാതിരിക്കാനും വേണ്ടി സബ്ജില്ലാതലംവരെയുള്ള മത്സരങ്ങളിലെങ്കിലും പക്കമേളക്കാരെ നിരോധിച്ചുകൊണ്ട് മാനുവലിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly